(ഡി) ഉണ്ട്. ശാസ്ത്ര ഗവേഷണ പദ്ധതികൾക്ക് കൗൺസിൽ സഹായം നൽകുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു :

- സയൻസ് റിസർച്ച് സ്കീമിൽ ഒരു ഇൻവെസ്റ്റിഗേറ്ററിന് 15 ലക്ഷം രൂപ വരെ അവരുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണപദ്ധതിക്കായി നൽകുന്നു.
- സാർഡ് സ്കീമിൽ ഒരു സ്ഥാപനത്തിന് 30 ലക്ഷം രൂപവരെ ഗവേഷണത്തിനും, ലബോറട്ടറി മെച്ചപ്പെടുത്തുന്നതിനും നൽകുന്നു
- സ്റ്റുഡന്റ് പ്രോജക്ട് സ്കീമിൽ തീസിസ് ഡെസർട്ടേഷൻ നടത്തുന്നതിനായി 10,000 രൂപ വരെ നൽകുന്നു
- സ്കൂൾ കുട്ടികൾക്ക് പ്രോജക്ട് ചെയ്യുന്നതിനായി 5,000 രൂപ വരെ നൽകുന്നു.

(ഇ) വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര പോഷിണി, സ്പൈറ്റിസ്, സ്റ്റുഡൻസ് പ്രോജക്ട് പ്രോഗ്രാം, പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീം, സ്റ്റുഡൻസ് ഫെല്ലോഷിപ്പ് സ്കീം തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ ശാസ്ത്ര കോൺഗ്രസ്സിൽ ഏറ്റവും നല്ല പ്രബന്ധങ്ങൾക്ക് ഓരോന്നിനും 50,000 രൂപയുടെ യുവശാസ്ത്ര പുരസ്കാരം, ജില്ലാതലത്തിലുള്ള ഏറ്റവും നല്ല ഇക്കോ ക്ളബിന് 50,000 രൂപയും സംസ്ഥാന തലത്തിൽ ഒരു ലക്ഷം രൂപയും നൽകുന്നുണ്ട്. ജില്ലാ സംസ്ഥാന തലത്തിൽ കുട്ടികളെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് പരിസ്ഥിതി സംബന്ധിയായ പദ്ധതിയും നടപ്പിലാക്കുന്നു. ഇതിനു പുറമേ ശാസ്ത്ര സാങ്കേതിക രംഗത്തെ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ബാങ്ക് ടു ലാബ് പദ്ധതി, ബോധവൽക്കരണ പരിപാടി നടത്തുവാൻ സാമ്പത്തിക സഹായം, വനിതാ ശാസ്ത്രജ്ഞർക്കുള്ള വ്യക്തിത്വ വികസന പരിപാടി, വനിതാ ശാസ്ത്രജ്ഞരുടെ ഉന്നമനത്തിനു പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള വിദഗ്ദ്ധശേഖരണം, വനിതാദിനാചരണം എന്നിവയും നടത്തിവരുന്നു.

ട്രഷറികളിലെ നവീകരണ പ്രവർത്തനങ്ങൾ

13 (*313) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻസ് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) എല്ലാ ട്രഷറികളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനം എന്നത്തേയ്ക്ക് പൂർണ്ണമായി നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) പൂർത്തിയായിട്ടില്ല.

(ബി) നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട് :

1. എല്ലാ ട്രഷറികളിലും പശ്ചാത്തല സൗകര്യ വികസനം ഉറപ്പുവരുത്തുക
2. ട്രഷറി സേവിംഗ്സ് ബാങ്ക് കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറ്റുക
3. ഗവൺമെന്റ് സാമ്പത്തിക നടപടികൾ കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനത്തിലേക്ക് കൊണ്ടുവരിക
4. റൂളുകളും, ചട്ടങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുക
5. ജീവനക്കാർക്കാവശ്യമായ ട്രെയിനിംഗ് ഉറപ്പു വരുത്തുക.

(സി) സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് :

1. എല്ലാ ട്രഷറികളിലും ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ സെർവ്വറുകൾ സ്ഥാപിച്ചു കഴിഞ്ഞു.
2. 3000 മെച്ചപ്പെട്ട കമ്പ്യൂട്ടറുകൾ ലഭ്യമാക്കി
3. 1000 പുതിയ പ്രിന്ററുകൾ നൽകിക്കഴിഞ്ഞു
4. 279 പുതിയ യു.പി.എസ്. ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ മൊത്തം യു.പി.എസിന്റെ എണ്ണം 350 ആകും
5. എല്ലാ പെൻഷൻകാരേയും PTSB അക്കൗണ്ടിലേക്ക് മാറ്റിക്കഴിഞ്ഞു
6. എല്ലാ SDO മാരുടേയും ശമ്പള വിതരണം ട്രഷറി സേവിംഗ്സ് ബാങ്ക് വഴിയാക്കിയിട്ടുണ്ട്
7. SPARK മുഖേനയുള്ള ബിൽ പ്രോസസ്സിംഗ് ത്വരിതപ്പെടുത്തി വരുന്നു.

(ഡി) അതെ. ഇക്കൊല്ലം ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ താമസംവിനാ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly